പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1519</u> <u>31.01.2018 ൽ മറുപടിയ്ക്ക്</u>

## <u>ഫാം ഹൗസുകളുടെ പ്രവർത്തനം</u>

| ചോദ്യം<br>ശ്രീ.ടി.എ.അഹമ്മദ് കബീർ | | മറുപടി<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|---|
| എ) കൃഷി വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് എത്ര ഫാം ഹൗസുകൾ നിലവിലുണ്ട്;<br><br>ബി) ഈ സർക്കാർ പ്രസ്തുത ഫാം ഹൗസുകളുടെ പ്രവർത്തനം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;<br><br>സി) ഇത്തരം ഫാം ഹൗസുകളിൽ ജൈവ കൃഷി നടപ്പിലാക്കുന്നതിന് ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുമോ; | എ), ബി) & സി) | കൃഷി വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് ഫാം ഹൗസുകൾ നിലവിലില്ല. |
| ഡി) ജൈവ പച്ചക്കറി കൃഷി സംസ്ഥാന വ്യാപകമായി നടപ്പിലാക്കുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടന്ന് വരുന്നതെന്ന് വിശദീകരിക്കാമോ? | ഡി) | നടപ്പ് സാമ്പത്തിക വർഷം 1000 ലക്ഷം രൂപ ചെലവിൽ സമഗ്ര ജൈവ കൃഷി പദ്ധതി സംസ്ഥാനത്തുടനീളം നടപ്പാക്കി വരുന്നു.<br><br>1. <u>ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള ജൈവ കൃഷി പ്രവർത്തനങ്ങൾ.</u><br>ജൈവ ക്ലസ്റ്ററുകളിലെ കർഷകർക്ക് ഹെക്ടർ ഒന്നിന് 3,000/- രൂപ നിരക്കിലുള്ള ധനസഹായമാണ് നൽകുന്നത്. നടപ്പ് സാമ്പത്തിക വർഷം 155 ക്ലസ്റ്ററുകളാണ് പുതുതായി പ്രവർത്തനം നടത്തുന്നത്. ക്ലസ്റ്റർ പ്രവർത്തനങ്ങൾക്കായി 116 ലക്ഷം രൂപയാണ് ചെലവഴിക്കുന്നത്. നിലവിൽ |

2520 ഹെക്ടറിൽ 126 ക്ലസ്റ്ററുകൾ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. ക്ലസ്റ്റർ അടിസ്ഥാനത്തിൽ ജൈവ പച്ചക്കറി കൃഷിക്കും ഊന്നൽ നൽകുന്നു. ക്ലസ്റ്ററുകളിൽ ഉൽപാദിപ്പിക്കുന്ന പച്ചക്കറികൾ 'കേരള ഓർഗാനിക്' എന്ന ബ്രാൻഡ് നാമത്തോടുകൂടി ഉപഭോക്താക്കളിൽ എത്തിക്കുന്നു.

2. ഇക്കോഷോപ്പുകൾ

ക്ലസ്റ്ററുകൾ വഴി ഉല്പാദിപ്പിക്കുന്ന ജൈവ പഴം-പച്ചക്കറി ഉല്പന്നങ്ങൾ വിപണനം നടത്തുന്നത് ഇക്കോഷോപ്പുകൾ വഴിയാണ്. ഇതിനായി പുതുതായി 150 ഇക്കോഷോപ്പുകളാണ് സ്ഥാപിക്കുന്നത്. ഇതിനുവേണ്ടി 300 ലക്ഷം രൂപയാണ് ചിലവഴിക്കുന്നത്. ഇക്കോഷോപ്പുകളുടെ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു.

3. ജൈവ ഉല്പന്നങ്ങളുടെ നേരിട്ടുള്ള വിപണനം.

ജി.എ.പി ക്ലസ്റ്ററുകളിൽ നിന്നും നേരിട്ട് സംഭരിക്കുന്ന ജൈവ പഴം- പച്ചക്കറി ഉല്പന്നങ്ങൾ ഗ്രേഡിംഗ്, പാക്കിംഗ് എന്നിവ നടത്തി നഗരസഭകൾ, മുനിസിപ്പാലിറ്റികൾ, റസിഡന്റ്സ് അസോസിയേഷനുകൾ എന്നിവിടങ്ങളിൽ വിപണനം നടത്തുന്നതിന് 50 ലക്ഷം രൂപ ചെലവഴിച്ചു. ഇത്തരം 17 വിപണികളാണ് പ്രവർത്തിക്കുന്നത്.

4. ജൈവ കാർഷിക മണ്ഡലം അവാർഡുകൾ

ജൈവ കൃഷിയിൽ മികച്ച പ്രവർത്തനം കാഴ്ച വയ്ക്കുന്നവർക്ക് നിയോജക മണ്ഡലാടിസ്ഥാനത്തിലും കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിലും അവാർഡുകൾ നൽകുന്നതിന് 123 ലക്ഷം രൂപയാണ് ചിലവഴിക്കുന്നത്. അവാർഡ് തുക പ്രസ്തുത പ്രദേശങ്ങളിലെ ജൈവ കാർഷിക പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കും. ആയതിന്റെ ഭാഗമായി ജൈവ കൃഷിയ്ക്കും, ജൈവ പച്ചക്കറി കൃഷിയ്ക്കും പ്രോത്സാഹനം

നൽകി വരുന്നു.

5. <u>കാസർഗോഡ് ജില്ലയിൽ പി.ജി.എസ് സർട്ടിഫിക്കേഷൻ</u>

കാസർഗോഡ് ജില്ലയിൽ ജൈവ കൃഷി സമ്പൂർണ്ണമാക്കുന്നതിന്റെ ഭാഗമായി പി.ജി.എസ് സർട്ടിഫിക്കേഷൻ നടപ്പാക്കുന്നതിന് 60 ലക്ഷം രൂപയാണ് ചിലവഴിക്കുന്നത്.

**സെക്ഷൻ ഓഫീസർ**